(b) No

(c) The period of concession grants expired on 22-7-53. Sanction for further extension of the period was probably not sought for by the public.

അദ്ധ്യാപകരുടെ ശമ്പളം

* 772 [31] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഗവണ്മെൻറ് പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളത്തിനു് തുല്യമാണോ ;

(ബി) ആ കാര്യത്തിൽ എന്തു നടപടിയാണു് ഗവണ്മെൻറ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതു് ;

(സി) പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകർക്കു് മാനേജ്മെൻറുകൾ എന്തെങ്കിലും ഗ്രാൻറായി നൽകുന്നുണ്ടോ ?

മുഖ്യമന്ത്രി ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ :

(എ) അതെ.

(ബി) 1-4-55 മുതൽ തുല്യമാക്കിയിട്ടുണ്ടു്.

(സി) ചില മാനേജ്മെൻറുകൾ നൽകുന്നുണ്ടു്. ഗ്രാൻറിൽ കുറയാത്ത ഒരുതുക അദ്ധ്യാപകർക്കു് കൊടുക്കുവാൻ അവർ ബാദ്ധ്യസ്ഥരാണു് .

പോലീസു് ഉദ്യോഗസ്ഥന്മാർക്കു ടി. എ.

* 773. [37] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ :

ഇവിടത്തെ പോലീസു് ഉദ്യോഗസ്ഥന്മാക്കു് മദ്രാസ്സിൽ കൊടുക്കുന്ന ടി. എ. കൊടുക്കുവാൻ മയവുണ്ടാകുമോ?

ആഭ്യന്തരകാര്യമന്ത്രി ശ്രീ. എ. ജെ. ജാൺ :

ഈ സംസ്ഥാനത്തിലെ ഉദ്യോഗസ്ഥന്മാക്കു കൊടുക്കുന്ന യാത്രപ്പടി, ഇവിടത്തെ സർവ്വീസ് റഗുലേഷനിലെ നിയമമനുസരിച്ചാണു്. വിവിധ സംസ്ഥാനങ്ങളിലെ ശമ്പളരീതിയും സർവ്വീസു് റൂളുകളും വിഭിന്നരീതിയിലായതിനാൽ, മദ്രാസു് സംസ്ഥാനത്തിലെ രീതി ഇവിടെ പകർത്തുന്നതിൽ പ്രത്യേകതയില്ല. എന്തായാലും ഇക്കാര്യം ഗവണ്മെൻറ് ശ്രദ്ധിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly